

**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**11 OCTOBER 2019**
**12 SAFAR 1441 AH**

# AL-HUJURAT : GHIBBAT (PART 5)
## അൽഹുജ്റാത് : ഗീയ്ബത്ത് (പരദൂഷണം) (ഭാഗം 5)

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **അൽഹുജ്റാത് ഗീയ്ബത്ത് (പരദൂഷണം) (ഭാഗം 5)** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

അൽഹംദുലില്ലാഹ് ഗീയ്ബത്ത് എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള എന്റെ വെള്ളിയാഴ്ച ഖുത്തുബ തുടരുകയാണ്. പ്രസ്തുത വിഷയുമായി ബന്ധിതമായ കാര്യങ്ങളും വിശിഷ്യാ അല്ലാഹുവിനോടുള്ള മുഹബ്ബത്ത് (സ്നേഹം) പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ) യോടുള്ള സ്നേഹം, ദീനുൽ ഇസ്ലാം ജോലികളോടുള്ള സ്നേഹം! ഇതെന്റെ അഞ്ചാമത്തെ വെള്ളിയാഴ്ച ഖുത്തുബയാണ്. ഗീയ്ബത്ത് സംബന്ധമായുള്ള (സൂറ:ഹുജ്റാത്തിൽ പരാമർശിക്കപ്പെട്ടതുമാണിത്) ഈ വിഷയം ഗഹനമായ നിലയിൽ നിങ്ങൾ ഗ്രഹിക്കേണ്ടതിനായി ഞാൻ ഇതിന്റെ വിശദാംശങ്ങളിലേക്ക് കടന്ന്, വിവരിക്കുവാൻ പോവുകയാണ്.

കഴിഞ്ഞ വെള്ളിയാഴ്ച ഞാൻ പറഞ്ഞതുപോലെ ഹസ്രത് മുഹമ്മദ് മുസ്തഫ(സ)ന് അല്ലാഹു(ത)യുമായി നേരിട്ടൊരു ബന്ധമുണ്ടായിരുന്നു. ഈ സ്നേഹം അദ്ദേഹത്തിലേക്ക് എത്തിചേർന്നത് അല്ലാഹു(ത)യിൽ നിന്നും നേരിട്ടാകുന്നു. ഇതിനായി അദ്ദേഹം ജിഹാദ് ചെയ്യേണ്ടി വന്നില്ല. അതായത് കഠിനമായി

പരിശ്രമിക്കേണ്ടി വന്നില്ല. എന്നാൽ സാധാരണ ആളുകളെ സംബന്ധിച്ചിടത്തോളം നില അങ്ങനെയല്ല. അവർ കഠിനമായി യത്നിക്കേണ്ടതായിട്ടുണ്ട്. ദൈവീക സ്നേഹം തങ്ങൾക്ക് ലഭ്യമാകുവാനായി, അല്ലാഹുവിൽ നിന്നും അവന്റെ പ്രവാചകൻ മുഹമ്മദ് മുസ്തഫ (സ)യിൽ നിന്നുമുള്ള സ്നേഹം തങ്ങൾക്ക് നേരിട്ട് ലഭിക്കുന്നത് ഒരു നിസ്സാര സംഗതിയൊന്നുമല്ല എന്ന് നാം തിരിച്ചറിയണം. ഇത് സ്ഥാപിക്കുന്നത് ഒരു നിസ്സാര പ്രവർത്തിയിലൂടെയുമല്ല. ജനങ്ങളോട് പൊതുവിലുള്ള സ്നേഹബന്ധങ്ങളിലൂടെയാണ് ഈ സ്നേഹബന്ധം സ്ഥാപിക്കുന്നത്, അത് സുതാര്യമായ കാര്യമൊന്നുമല്ല.

ഈ ലക്ഷ്യം നേടുന്നതിന് വളരെയധികം പ്രയത്നം അനിവാര്യമാകുന്നു. ഇതിനായി നിങ്ങൾ നിങ്ങുടെ മുഹബ്ബത്തിനെ സ്നേഹത്തിനെ കേന്ദ്രീകരിക്കേണ്ടതുണ്ട്, അതിനായി നിങ്ങളിലുള്ള ദൗർബല്യങ്ങളെയെല്ലാം കയ്യൊഴിയേണ്ടതായിട്ടുണ്ട്. ഇപ്രകാരം ചെയ്യുന്നതിന് നിങ്ങൾ പ്രാപ്തരായി തീരേണ്ടതിന്, ആദ്യമായി നിങ്ങൾക്ക് ഇതിലൊരു താത്പര്യം ഉണ്ടായിരിക്കണം. അത് വേണം എന്നൊരു തോന്നൽ ഉണ്ടായിരിക്കണം, ഈ താത്പര്യവും തോന്നലും ഇല്ലാതെ, നിങ്ങൾക്ക് അല്ലാഹു (ത)യോടും അവന്റെ പ്രവാചകൻ മുഹമ്മദ് മുസ്തഫ (സ)നോടും സ്നേഹമുണ്ടാകുവാൻ മറ്റൊരു വഴിയുമില്ല. നിങ്ങളുടെ ഈ വിചാരം, തോന്നൽ എത്രത്തോളം താഴ്ന്നതും ബലഹീനവുമാണോ അത്രത്തോളം നിങ്ങൾ സ്നേഹിക്കുന്ന വ്യക്തിയോടുള്ള സ്നേഹവും താത്പര്യവും താഴ്ന്നതും ബലഹീനവുമായിരിക്കും. ഇത് പ്രകൃത്യാ ഉണ്ടായിവരേണ്ടതാണ്, പലപ്പോഴും, ഈ വസ്തുതയെ, വിഷയത്തെ അവഗണിക്കുന്നതിലൂടെ, നിങ്ങളുടെ ആന്തരികമായതും കുഴഞ്ഞുമറിഞ്ഞതുമായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിന് നിങ്ങൾ വിരാമമിടുന്നു. നിങ്ങൾ വിചാരിക്കുന്നു അല്ലാഹുവിന്റെ സ്നേഹത്തിനായി വളരെയധികം പ്രയത്നിച്ചിട്ടും വളരെയധികം ദുആ ചെയ്തിട്ടും, നിങ്ങൾക്ക് നമസ്ക്കാരത്തിൽ യാതൊരുവിധ സന്തോഷവും, അഭിരുചിയും, വിചാരവും ലഭിക്കുന്നില്ല. നല്ല പ്രവർത്തനങ്ങൾ

ചെയ്യുന്നതിലൂടെ അത്തരം ഒരു സന്തോഷവും ലഭ്യമാകുന്നില്ല. നിങ്ങൾ കരുതുന്നു നിങ്ങൾ ദുആ ചെയ്യുന്നു എന്ന്! എന്നാൽ നിങ്ങളുടെ ദുആ സ്വീകരിക്കപ്പെടുന്നതുമില്ല.

നിങ്ങളുടെ പ്രസ്തുത പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കാത്തതിന്റെ ഒരു കാരണമായി പറയാവുന്നത് നിങ്ങളുടെ വിചാരം, പ്രാർത്ഥനയോടുള്ള താത്പര്യം, തുടങ്ങിയ പലകാര്യങ്ങളും നാശോന്മുഖമായിരിക്കുകയാണ്. അതുകൊണ്ടാണ് നിങ്ങളുടെ മനസ്സ് സദാ അലഞ്ഞു തിരിഞ്ഞു നടക്കുന്നത്, ലക്ഷ്യബോധമില്ലാതെ! പ്രസ്തുത മനസ്സ് ഭൗതിക മേഖലകളിൽ സുഖം കണ്ടെത്തുന്നതിനായി വ്യാപാരിക്കുകയാണ്. അതു ശരിയാണെന്ന് കരുതുകയും ചെയ്യുന്നു. ഈ ഭൗതിക കാര്യങ്ങളിൽ ആകൃഷ്ടരായി. അല്ലാഹു(ത)യോടു ഉണ്ടായിരിക്കേണ്ട് സ്നേഹത്തിനലധികം ഈ ഭൗതികത നിങ്ങളെ കീഴ്പ്പെടുത്തിയതുമൂലം, അല്ലാഹു(ത)യെ നിങ്ങൾക്ക് ലഭിക്കുന്നതിൽ നിന്നും നല്ല പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിൽ നിന്നും നിങ്ങൾ അകന്നുപോയിരിക്കുന്നു. നിങ്ങളുടെ വിചാരം നല്ലതല്ലെങ്കിൽ, നിങ്ങളുടെ സ്നേഹവും നല്ലതായിരിക്കില്ല. അത് വെറും ഭാവന മണ്ഡലത്തിൽ മാത്രം വിരാചിക്കുന്നതായിരിക്കും. അത് വെറും വിടുവാക്കുകൾ മാത്രമായിരിക്കും. യഥാർത്ഥ്യവുമായി അതിന് പുലബന്ധം പോലും ഉണ്ടായിരിക്കില്ല. നിങ്ങൾക്ക് അല്ലാഹുവിനോടുള്ള സ്നേഹം ഹൃദയത്തിന്റെ അഗാധങ്ങളിൽ നിന്നുള്ളതല്ലെങ്കിൽ, നിങ്ങളുടെ പ്രാർത്ഥനകളും പ്രസ്തുത ഹൃദയങ്ങളുടെ ആഴങ്ങളിൽ നിന്നുള്ളതായിരിക്കില്ല. നിങ്ങളുടെ സ്വലാത്തിന് പ്രത്യേകമായ യാതൊരുവിധ വിചാരവുമുണ്ടായിരിക്കില്ല. ഏതാനും സെക്കന്റുകളിൽ, മിനിട്ടുകളിൽ അവസാനിക്കുന്നു. ധൃതിപിടിച്ച് ഉച്ചരിക്കുന്ന എന്തോ ചില വാക്കുകൾ! ഒരു ഭാരം ഇറക്കി വെയ്ക്കുന്നതുപോലുള്ള ഒരു പ്രവർത്തി!

അതുകൊണ്ട്, നിങ്ങളുടെ നമസ്ക്കാരങ്ങളിൽ, അത്തരം ഒരു ചിന്ത നേടി എടുക്കുന്നതിനായി, അതിൽ വിജയം കണ്ടെത്തുന്നതിനായി പ്രാർത്ഥനയോട് അഗാധമായ ഒരു ബന്ധം സ്ഥാപിക്കുക. എങ്കിൽ മാത്രമെ അല്ലാഹുമായി ഒരു നല്ല

ബന്ധപ്പെടൽ ഉണ്ടാവുകയുള്ളു. അങ്ങനെ നിങ്ങളുടെ ദുആകൾ സ്വീകരിക്കപ്പെടും. അതിനായി നിങ്ങളിൽ സമ്പൂർണ്ണമായ ഒരാത്മീയ പരിഷ്ക്കരണം തന്നെ നടത്തേണ്ടതായിട്ടുണ്ട്. അതിന് ഒന്നാമാതായി വേണ്ടത് നിങ്ങൾക്ക് അല്ലാഹു(ത)യോട് അതിയായ സ്നേഹമുണ്ടായിരിക്കണം. അപ്പോൾ അല്ലാഹു(ത) എല്ലാവിധ കഠിന പരീക്ഷണങ്ങളിലൂടെയും കടന്നുപോകുവാൻ നമ്മെ സഹായിക്കുന്നതാണ്. അവൻ അത്തരം പരീക്ഷണങ്ങൾ നമുക്കായി തരുന്നതാണ്. നമ്മെ പരീക്ഷിക്കുന്നതിനായി! അത് നിങ്ങൾക്ക് അവനോട് എത്രത്തോളം സ്നേഹമുണ്ടെന്ന് പരീക്ഷിക്കുന്നതിനായിട്ടാണ്. എന്നാൽ ഇത്തരം പരീക്ഷണങ്ങൾ ഉണ്ടെന്നിരിക്കലും നിങ്ങൾ ഒരിക്കലും അധൈര്യപ്പെട്ടുപോകരുത്. മറിച്ച് നിങ്ങൾക്ക് അവനോടുള്ള സ്നേഹം വർദ്ധിക്കുകയാണ് ചെയ്യേണ്ടത്. നിങ്ങൾ അവനെ കൂടുതലായി സ്നേഹിക്കുക. നിങ്ങൾ ഒരിക്കലും നിരാശപ്പെടരുത്. നിങ്ങൾ അഭിമുഖീകരിക്കുന്ന പരീക്ഷണങ്ങളിലൂടെ നിങ്ങൾ ഒരിക്കലും അല്ലാഹുവിൽ നിന്ന് വഴുതി പോകുവാൻ ഇടവരരുത്. ഇത്തരം പരീക്ഷണങ്ങൾ, നിങ്ങളെ നമസ്ക്കാരത്തിൽ അലസതയുള്ളവരാക്കി മാറ്റരുത്. ദുആയിൽ നിന്നും നിങ്ങൾ അകന്നുപോകരുത്. ദിക്ക്ർ ഉപേക്ഷിക്കുകയുമരുത്. ഖുർആൻ പാരായണം മുടക്കരുത്. അതുപോലുള്ള നല്ല പ്രവർത്തനങ്ങൾക്ക് മുടക്കം വരരുത്. അല്ലാഹുവിന്റെ മൊത്തത്തിലുള്ള അഗാധ സ്നേഹം നേടുന്നതിന് പര്യാപ്തമായ ആരാധനയിൽ നിന്ന് ഒരിക്കലും അകന്നുപോകരുത്. ഇങ്ങനെ ആയാൽ അല്ലാഹു(ത) നിങ്ങളിൽ സംപ്രീതനാകും. അവൻ നിങ്ങളെ സ്നേഹിക്കും. വളരെയധികം പ്രയത്നങ്ങളും ത്യാഗങ്ങളും ഇതിന് ആവശ്യമുണ്ട്. ദൈവസ്നേഹം ആർജ്ജിക്കുവാൻ ഇത്തരം ത്യാഗനിർഭരമായ പ്രവർത്തനങ്ങൾ അനിവാര്യമാണ്. അങ്ങനെ ആയാൽ മാത്രമെ അല്ലാഹു(ത) നിങ്ങളിൽ സംപ്രീതനാകുകയും സ്നേഹിക്കുകയുമുള്ളു. അപ്പോൾ മാത്രമാണ് നിങ്ങളുടെ ദുആകൾ, നമസ്ക്കാരങ്ങൾ, നല്ല പ്രവർത്തനങ്ങൾ അല്ലാ

ഹു(ത) അംഗീകരിച്ചിരിക്കുന്നു എന്ന് നിങ്ങൾക്ക് മനസ്സിലാവുകയുള്ളൂ.

അതുപോലെതന്നെ, ഞാൻ നിങ്ങളോട് മുൻപ് പറഞ്ഞതുപോലെ ഗീയ്ബത്ത് /പരദൂഷണം എന്നത് ഒരു നിസ്സാര വിഷയമല്ല, ആളുകൾ ധരിക്കുന്നതുപോലെ!

നിങ്ങളുടെ വിചാരങ്ങളും, താത്പര്യങ്ങളും അല്ലാഹുവിനോട് ഉള്ളിടത്തോളം, നിങ്ങളുടെ പ്രാർത്ഥനകളും, അവന്റെ മുമ്പിൽ വെയ്ക്കുന്നു. എന്നാൽ അവന്റെ നോട്ടം നിങ്ങൾക്കൊട്ട് കിട്ടുന്നുമില്ല. എന്നാൽ അല്ലാഹു(ത) അവന്റെ ദാസന്മാരെ നോക്കുന്നുവനുമാണ്. (അവനെ സ്നേഹിക്കുന്നവരെയും, ഭക്തി ഉള്ളവരെയും) ഈ പറയപ്പെട്ട കാര്യങ്ങളൊക്കെ നിങ്ങൾക്ക് ലഭിക്കാത്തിടത്തോലം കാലം, നിങ്ങൾ അറിയുക! നിങ്ങൾ ചെയ്യുന്നത് എത്രമാത്രം വെറുക്കപ്പെട്ട കാര്യമാണ് എന്ന് നിങ്ങൾ അറിയുന്നില്ല. നിങ്ങളുടെ സഹോദരങ്ങളുടെ മാംസം നിങ്ങൾ ഭക്ഷിക്കുകയാണ് എന്ന്! നിങ്ങൾ ഗീയ്ബത്തിൽ മുഴുകി കഴിയുമ്പോൾ അല്ലാഹു(ത) അവൻ സ്വയം തന്നെ നിങ്ങളിൽ നിന്നു അകലം പാലിക്കുന്നു. അല്ലാഹു(ത) ഈ കാര്യത്തെ അപലപിക്കുകയും ചെയ്യുന്നു. പരദൂഷണത്തിൽ നിങ്ങൾ ലയിച്ചു കഴിയുമ്പോൾ, അതിനോട് നിങ്ങൾ അനിഷ്ടം വളർത്തി എടുക്കുന്നില്ലെങ്കിൽ, അതൊരു സൂചനയാണ്. അതായത് നിങ്ങളുടെ ചിന്ത പൂർണ്ണമായും നാശമടഞ്ഞിരിക്കുന്നു എന്ന്! ആയതിനാൽ ഇത്, അല്ലാഹു(ത) നമ്മുടെ മുൻപിൽ വെച്ചിരിക്കുന്നു. വളരെ വ്യക്തമായ ഒരു തെളിവാണ്. ഈ അളവുകോൽ വെച്ച് നമ്മുടെ ഹൃദയത്തിന്റെ അവസ്ഥ ഉറപ്പായും നമുക്ക് കൃത്യമായും അളവെടുപ്പ് നടത്താവുന്നതാണ്. നമ്മെ സ്വയം സംസ്ക്കരിക്കുവാൻ നമുക്ക് കഴിയാത്തിടത്തോളം കാലം, നമുക്ക് ലഭിക്കുന്ന അതിന്റെ ഫലങ്ങളുടെ വെളിച്ചത്തിൽ, നമ്മുടെ മുൻപിലുള്ള ഫലങ്ങളും അളുവുകളും നമ്മെ സംബന്ധിച്ചിടത്തോളം നാം വിലയിരുത്തേണ്ടതു തന്നെയാണ്. ഈ അളവുകളിൽ യാതൊരു വിധ കളവുകളുമില്ല. (അതായത് പരദൂഷണത്തെ ഇല്ലാതാക്കുക, അല്ലാഹുവിന്റെ സ്നേഹം ആർജ്ജിക്കുക, അത് നിങ്ങളുടെ തന്നെ സംസ്ക്കരണ

ത്തിലൂടെയാണ്)

ആയതിനാൽ നിങ്ങൾ ആദ്യമായി വികസിപ്പിക്കേണ്ടത് (നിലനിർത്തുക അഥവാ വർദ്ധിപ്പിക്കുക) പ്രസ്തുത ചിന്തയും താത്പര്യവുമാണ്. അപ്പോൾ അതിലൂടെ നിങ്ങൾക്ക് അല്ലാഹു(ത)യുടെ സ്നേഹം നേടാം. അതോടൊപ്പം പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ (സ)യുടെ സ്നേഹവും നേടാം, അതിലൂടെ അല്ലാഹു(ത) തെരഞ്ഞെടുത്തയച്ച ആളിന്റേയും സ്നേഹം നിങ്ങൾക്ക് നേടുവാൻ കഴിയും. നിങ്ങളെ നേർവഴിയിൽ നയിക്കാനായി അദ്ദേഹത്തെ അയച്ചതാണ്. ആയതിനാൽ നിങ്ങളുടെ ചിന്തയുടെ നിലവാരം ഉയർത്തുക (അല്ലാഹുവിനെപറ്റിയും, അല്ലാഹുവിന്റെ ദീനിലുള്ള എല്ലാ നല്ല കാര്യങ്ങളെ പറ്റിയും) ഇതിലൂടെ മാത്രമെ നല്ല പ്രവർത്തിയിൽ നിങ്ങൾക്ക് സ്നേഹമുണ്ടാവുകയുള്ളു. അതോടൊപ്പം ചീത്തകാര്യങ്ങളിൽ/പാപങ്ങളിൽ വെറുപ്പും ഇഷ്ടമില്ലായ്മയും തോന്നുകയുള്ളു.

ഈ ചിന്ത നിങ്ങളിൽ വികസിപ്പിച്ചെടുക്കുന്നില്ലെങ്കിൽ, നിങ്ങൾക്ക് ഈ പദ്ധതിയുമായി മുന്നോട്ടു പോകുവാൻ കഴിയുകയില്ല (അതായത് അല്ലാഹുവിനോടുള്ള സ്നേഹവും, അല്ലാഹുവിനെ കിട്ടുക എന്നതും) ഗീയ്ബത്തുമായി ബന്ധപ്പെട്ട് എനിക്ക് നിങ്ങളോടു ഇനി പറയുവാനുള്ളത്, നിങ്ങളിൽ നിന്നും ഞാൻ പ്രതീക്ഷിക്കുന്ന അടുത്ത ചുവട് വെപ്പ്, നിങ്ങൾ നിങ്ങളുടെ ഹൃദയത്തെ പരിശോധനാ വിധേയമാക്കുക എന്നതാണ്. എത്രത്തോളം സന്തോഷമാണ്, ഗീയ്ബത്തിലൂടെ നിങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്? ഇതെല്ലാം നിങ്ങൾക്ക് ഒരുമിച്ച് ഒറ്റയടിക്ക് ഇല്ലാതാക്കുവാൻ കഴിയുന്നില്ലെങ്കിൽ, നിങ്ങൾ ചിന്തിക്കുക, അതിന്റെ അളവ് എത്രത്തോളം കുറയ്ക്കുവാൻ സാധിക്കുമെന്ന്? അതിന്റെ അളവ് കുറയുന്നുണ്ടോ എന്ന് കൃത്യമായ അളവെടുപ്പ് നടത്തേണ്ടതാണ്. അങ്ങനെ ഇത് കുറയ്ക്കുവാൻ കഴിയുന്നുണ്ടോ അതോ ഇല്ലയോ? എന്ന് പരിശോധിക്കുക. ഈ ഗീയ്ബത്ത് ചിന്ത നിങ്ങൾക്ക് കുറയ്ക്കുവാൻ സാധിക്കുന്നുമെങ്കിൽ, ഈ താത്പര്യം കുറയുന്നുണ്ടെങ്കിൽ, അൽഹംദുലില്ലാഹ്. നിങ്ങൾ രക്ഷപ്പെടുന്നതാണ്, നിങ്ങൾ

ക്രമേണ നല്ല (ആത്മീയ) ആരോഗ്യത്തിലായി തീരുന്നതാണ്.

എന്നാൽ ശക്തമായ ഈ ഉപദേശങ്ങൾ ശ്രവിച്ച ശേഷവും ഇതു നിർത്തുവാൻ തീരുമാനിച്ചതിനു ശേഷവും, പരദൂഷണത്തിൽ നിങ്ങൾ മുഴുകി പോവുകയാണെങ്കിൽ, എന്നിട്ടു നിങ്ങൾ അതു തുടരുകയാണെങ്കിൽ, അപ്പോൾ ഇതുകൊണ്ട്അർത്ഥമാക്കുന്നത്, അതായത്, നിങ്ങൾ ഒരു സംസ്ക്കരണത്തിനും തയ്യാറല്ല എന്നുതന്നെയാണ്. ഇതിന്റെ അർത്ഥം ഗീയ്ബത്തുമായും മറ്റെല്ലാ തിന്മകളുമായുള്ള ബന്ധം വിച്ഛേദിക്കുവാൻ നിങ്ങൾ നിർബന്ധപൂർവ്വം ശ്രമങ്ങൾ നടത്തി, എന്നിട്ടും തിന്മകളിലേക്ക് ചാഞ്ഞുപോകുന്നു; എന്നാൽ നന്മകൾ ചെയ്യുവാനായി നിർബന്ധമായ ശ്രമങ്ങൾ ചെയ്യുകയും ചെയ്തു. എന്നാൽ ഒരു ഘട്ടമെത്തിയപ്പോൾ നിങ്ങൾ ഈ ശ്രമം തുടരുന്നില്ലെങ്കിൽ, വീണ്ടും ഈ തിന്മകൾ കയറിവരുകയും, പ്രസ്തുത തിന്മകളിൽ നിങ്ങൾ വീണുപോകുകയും ചെയ്യുന്നതാണ്/അതായത് പരദൂഷണത്തിലേർപ്പെട്ടു പോകുന്നതാണ്.

അങ്ങനെ നിങ്ങളുടെ ജീവിതത്തിൽ നിന്നും പരദൂഷണത്തെ അപ്പാടെ പുറത്തിറക്കുക, അതിനായുള്ള വഴികൾ തേടുക. ഞാൻ നിങ്ങൾക്ക് കാണിച്ചുതന്നതനുസരിച്ച് നിങ്ങൾ ആഴത്തിൽ പരിശോധന നടത്തുക. നിങ്ങൾക്ക് ഈ കാര്യത്തിൽ തീർച്ചയായും ഒരുറപ്പുണ്ടാകേണ്ടതായിട്ടുണ്ട്. അതായത് ഒരു ജമാഅത്ത് എന്ന നിലയിൽ ഗീയ്ബത്തിൽ നിന്നും നാം സമ്പൂർണ്ണമായും സ്വതന്ത്രരായാൽ, അപ്പോൾ നമ്മുടെ സമുദായം തന്നെ രക്ഷപ്പെടുന്നതാണ്, നമ്മുടെ സാമൂഹ്യ ബന്ധങ്ങളും രക്ഷപ്രാപിക്കുന്നതാണ്. നമ്മിലുള്ള എല്ലാവിധ ദൗർബല്യങ്ങളിൽ നിന്നും ന്യൂനതകളിൽ നിന്നും, നമുക്ക് പെട്ടെന്ന് തന്നെ സ്വയം വിടപറയുവാൻ കഴിയുന്നില്ലെങ്കിൽ, അവയുടെ അളവ് കുറയ്ക്കുവാനെങ്കിലും ശ്രമിക്കുക, ഒരു വലിയ അളവിൽ കുറയ്ക്കുവാൻ പരിശ്രമിക്കുക. അങ്ങനെ ആയാൽ വൈവാഹിക രംഗത്ത് നിത്യവും നാം കണ്ടെത്തിക്കൊണ്ടിരിക്കുന്ന നിന്ദ്യമായ എല്ലാ സംഗതികളെയും നല്ലൊരളവോളം ഇല്ലായ്മ ചെയ്യുവാൻ സാധിക്കുന്നതാണ്. അപ്പോൾ

ഈ പരിശ്രമത്തിൽ അസാധാരണമായ അനുകൂല സ്വാധീനം ഈ രംഗത്ത് സൃഷ്ടിക്കുവാൻ നമുക്ക് സാധിക്കുന്നതാണ്.

ഇതു സംബന്ധമായി, വീടുകളിലെ സാഹചര്യം, നിങ്ങൾക്ക് അളക്കുവാൻ സാധിക്കുന്നതാണ്. വ്യക്തിപരമായി എനിക്ക് എല്ലാ വീടുകളിലും പോകുവാൻ കഴിയുകയില്ല. എന്നാൽ ഞാൻ കണ്ടതും സാക്ഷ്യം വഹിച്ചതുമായ ചില കാര്യങ്ങൾ എനിക്ക് പറയുവാൻ കഴിയുന്നതാണ്. വിശിഷ്യാ എന്റെ ദഅ്വ വേളകളിൽ, അതുപോലെ അല്ലാഹു(ത) എനിക്ക് കാണിച്ചുതന്നതിൽ നിന്നും, എനിക്ക് പറയുവാൻ കഴിയുന്നതാണ്. ചില ആളുകൾ എങ്ങനെയാണ് അവരുടെ വീടുകളിൽ സംസാരിക്കുന്നതെന്നും പെരുമാറുന്നതെന്നും എനിക്കറിയുവാൻ കഴിഞ്ഞിട്ടുണ്ട്. ചില സംഗതികളിൽ മാതാക്കളും അവരുടെ പുത്രിമാരും ഒരുമിച്ചിരുന്നു അവരുടെ സഹോദരന്റെ ഭാര്യയുടെ അഥവാ മകന്റെ ഭാര്യയുടെ ഗീയ്ബത്തു പറയുന്നതിൽ വ്യാപൃതരാകുന്നു. അതിലെ ഏറ്റവും വലിയ സംഗതി എന്നുപറയുന്നത്, പ്രസ്തുത സഹോദരന് ഔന്നത്യമാന്യത ഇല്ലാത്തവനും ഭർത്താവിന്റെ ഉത്തരവാദിത്വങ്ങൾ, തന്റെ ഭാര്യയോട് എങ്ങനെ നിറവേറ്റണമെന്നറിയാത്തവനുമാണ് എന്നതാണ്. അവൻ തന്റെ മാതാവിനോടും സഹോദരിയോടും ചേർന്ന് തന്റെ ഭാര്യയെ കുറ്റപ്പെടുത്തുന്നു. മാതാവും അവരുടെ പുത്രിമാരും മരുമകളെ/സഹോദരഭാര്യയെ അപമാനിതയാക്കുവാൻ ശ്രമിക്കുന്നു. വിവരമില്ലാത്ത വിഡ്ഢി എന്നു പറഞ്ഞ് ആക്ഷേപിക്കുന്നു. അങ്ങനെ കുടുംബത്തിൽ അസമാധാനം വിതയ്ക്കുന്നു. തെറ്റിധാരണകൾ നടത്തുന്നു. ഭാര്യയ്ക്കും ഭർത്താവിനുമിടയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

ഇത് തീർത്തും ക്രൂരതയാണ്, അസമാധാനമാണ്, അനീതിയാണ്, ഇതും പരദൂഷണം തന്നെയാണ് ഇതിനോട് ചേർന്ന് തന്നെ അപകടകരമായ അനീതിയുടെ രൂപങ്ങളും കാണാവുന്നതാണ്. പാവപ്പെട്ട മരുമകൾ കൊച്ച് ഒരു തെറ്റ് എന്തെങ്കിലും ചെയ്തുവെങ്കിൽ, നിങ്ങൾക്ക് അവളോടു യഥാർത്ഥമായ അനുകമ്പയാണ് ഉള്ളതെങ്കിൽ, അത്തരം അനുകമ്പ നിങ്ങൾ വളർത്തി വലുതാക്കുവാൻ സാധിക്കുന്നതാണ്. നിങ്ങൾക്ക് ഹസ്രത് മുഹ

മ്മദ് മുസ്തഫ തിരുമേനി (സ)യുമായി ബന്ധമുണ്ടെങ്കിൽ മാത്രമെ അതിനുകഴിയുകയുള്ളു. അപ്പോൾ നിങ്ങൾ അവളുടെ മുൻപിൽ ഒരു കണ്ണാടിപോലെ ആയി തീരുന്നതാണ്. നിങ്ങൾ അവളെ പറഞ്ഞ് മനസ്സിലാക്കികൊടുക്കുന്നത് നിങ്ങളിലുള്ള വളരെയധികം സ്നേഹം കൊണ്ടായിരിക്കണം. അവർ അനുഭവിക്കുന്ന വേദന, നിങ്ങൾക്കും അനുഭവവേദ്യമാകണം. അവൾ അനുഭവിക്കുന്ന പ്രയാസങ്ങൾ നിങ്ങളുടെയും പ്രയാസങ്ങളായിരിക്കണം. നിങ്ങൾ ശത്രുതയുടെയും, പരദൂഷണത്തിന്റെയും, സംഘട്ടനത്തിന്റെയും അഗ്നിസ്ഫുലിംഗങ്ങൾ സൃഷ്ടിക്കുന്നതിനു പകരം-വീട് ഒരു യുദ്ധക്കളമാക്കി മാറ്റുന്നതിനു പകരം-ഒരു നരകമായി മാറ്റുന്നതിനു പകരം-കൊലവിളിയുടെയും, തർക്കങ്ങളുടെയും, അടിപിടിയുടെയും സ്ഥലമാക്കിമാറ്റുന്നതിനു പകരം, നിങ്ങൾ പ്രസ്തുത ഭവനത്തെ ഒരു സമാധാന ഗേഹമാക്കി മാറ്റുവാൻ കഠിനമായി യത്നിക്കുക. അത്തരം സ്ഥലത്ത്, അവർ പരസ്പരം ബഹുമാനിക്കുന്നവരായിരിക്കും, പരസ്പരം അവകാശങ്ങൾ അംഗീകരിക്കുന്നവരായിരിക്കും, ആ സ്ഥലത്ത് ജീവിക്കുവാൻ നല്ലതായിരിക്കും, സമാധാനത്തോടെ, ശാന്തിയോടെ! അവിടെയുള്ള ഓരോരുത്തരും പരസ്പരം നല്ല നിലയിലായിരിക്കും വർത്തിക്കുന്നത്, അവിടെ തർക്കമോ ശണ്ഠയോ ഇല്ല! നിങ്ങളുടെ മഹനീയ പ്രവർത്തിയിലൂടെ, ഭാര്യയും ഭർത്താവും ഐക്യത്തോടെ, സ്നേഹത്തോടെ, സമാധാനത്തോടെ, ശാന്തിയോടെ കഴിയുവാൻ പ്രേരിപ്പിക്കേണ്ടതാണ്. പ്രസ്തുത ഭവനവും പ്രസ്തുത ദമ്പതികളും അല്ലാഹു(ത)യുടെ അനുഗ്രഹങ്ങൾ കൊണ്ട് ചുറ്റപ്പെടേണ്ടതാണ്.

ചില സന്ദർഭങ്ങളിൽ, മരുമക്കൾ (മകന്റെ ഭാര്യ, അമ്മായിയോടും, നാത്തൂൻമാരോടും എതിരായി നില്ക്കുന്നതു കാണുവാൻ കഴിയും. അവർ അവരുടെ ഭർത്താക്കന്മാരോട് അമ്മായിടെയും നാത്തൂൻമാരുടെയും മോശമായ കാര്യങ്ങൾ അഥവാ ഇല്ലാ കാര്യങ്ങൾ തങ്ങളുടെ ഭർത്താക്കന്മാരോട് പറഞ്ഞു കൊടുക്കുന്നു. ഈ കാര്യങ്ങളൊന്നും കാണുവാൻ അവരുടെ ഭർത്താക്കന്മാർ അവിടെയില്ലാ എന്ന് അവർക്കറിയാം. കാരണം അവർക്ക്

ജോലിക്കായി പോകേണ്ടതുണ്ട്! അങ്ങനെ രാത്രിയിൽ അവനോട് എല്ലാ കാര്യങ്ങളും അവർ സംസാരിക്കുന്നു. (അമ്മാവിമാർക്കും നാത്തുൻമാർക്കും എതിരിലുള്ള കാര്യങ്ങൾ) സ്വന്തം മാതാവിനും സഹോദരിക്കും എതിരിലുള്ള കാര്യങ്ങൾ) അവർക്കു വേണ്ടത് പ്രസ്തുത കുടുംബത്തിൽ നിന്ന് തങ്ങളുടെ ഭർത്താക്കന്മാരെ അവർക്ക് അടർത്തി മാറ്റണം ! എന്നിട്ടവർക്ക് പ്രത്യേകം താമസിക്കണം. തന്റെ മാതാവിൽ നിന്നും സാഹോദരിമാരിൽ നിന്നും തന്റെ ഭർത്താവിനെ അടർത്തിമാറ്റിയാലേ അവർക്ക് വിശ്രമമുള്ളു. എന്നിട്ട് ഭർത്താവ് തന്റെ ഭാര്യയുടെ കുടുംബാംഗങ്ങളുമായി മാത്രം ബന്ധം സ്ഥാപിക്കുക. എന്നിട്ടേ അവർ വിശ്രമിക്കുകയുള്ളു. അങ്ങനെ തെറ്റിധാരണയും കുഴപ്പവും സൃഷ്ടിക്കുവാൻ ശ്രമിക്കുന്നവരും, സമാധനകാംഷികളും ഒരുമിച്ചു മുന്നോട്ടു പോകില്ല.

വൈവാഹിക ജീവിതത്തിൽ അഥവാ കുടുംബത്തിൽ എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നത് എന്ന് ഒരാൾ സസൂക്ഷമം വീക്ഷിക്കുകയാണെങ്കിൽ, അതിന്റെ തുടക്കം തന്നെ, ശത്രുതയിൽ അധിഷ്ഠിതമായതാണെങ്കിൽ, മറ്റു നിന്ദ്യമായ കാര്യങ്ങൾ കൊണ്ടാണെങ്കിൽ, അപമാനകരമായ കാര്യങ്ങളാലാണെങ്കിൽ അപ്പോൾ (നിങ്ങൾ കുറ്റക്കാരനെങ്കിൽ) നിങ്ങൾ ഒരു വലിയ പാപം തന്നെയാണ് ചെയ്തിരിക്കുന്നത്. അതു അല്ലാഹുവിന്റെ വീക്ഷണത്തിൽ വളരെ നിന്ദാവഹവുമാണ്. ഹസ്രത് മുഹമ്മദ് മുസ്തഫ (സ)യിൽ നിങ്ങൾക്ക് സ്നേഹമുണ്ട് എന്ന് നിങ്ങൾ യഥാർത്ഥമായ നിലയിലാണ് പറയുന്നതെങ്കിൽ, ഈ പ്രഖ്യാപനം നിങ്ങളുടെ കാതുകളിൽ മുഴങ്ങി കേൾക്കണം അതായത് ഒരു മുസ്ലിം മറ്റൊരു മുസ്ലിംമിന്റെ, കണ്ണാടി ആയിരിക്കണം. മുൻകാലങ്ങളിലും ഞാൻ പറഞ്ഞിട്ടുള്ളതാണ്. ഒരിക്കലും ഒരു കണ്ണാടി ശബ്ദം ഉണ്ടാക്കുകയില്ല. ഒരു വ്യക്തിമോശമായി വസ്ത്രധാരണം നടത്തിയിട്ടുണ്ടെങ്കിൽ, അവന്റെ മുടി നല്ല നിലയിൽ ചീകിയിട്ടില്ലെങ്കിൽ, അവൻ സ്വയം പ്രസ്തുത കണ്ണാടിയിൽ നോക്കുമ്പോൾ, പ്രസ്തുത കണ്ണാടി വളരെ നിശ്ശബ്ദമായി

അവന്റെ ന്യൂനതകൾ പോരായ്മകൾ കാണിക്കുന്നതാണ്. ഈ ഉദാഹരണത്തിൽ വളരെയധികം ബൗദ്ധികത അടങ്ങികിടക്കുന്നു. (ഹദീസിലും) ഒരു മുസ്ലിം അവൻ സ്വയം തിരുത്തി ശരിയാക്കേണ്ടതാണ്. ഒരു വ്യക്തിയിൽ സംസ്ക്കരണം വരുത്തേണ്ടത്, ശാന്തമായി, ഒരു കണ്ണാടിയെപോലെ ആയിരിക്കണം. പ്രസ്തുത വ്യക്തിയെ പ്രേരിപ്പിക്കേണ്ടതാണ്, അവന്റെ തെറ്റുകൾ ബോധ്യപ്പെടുന്നതിനായി, എന്നിട്ടവൻ സ്വയം ശരിയായ നിലയിൽ, അതിനെ ശരിയാക്കേണ്ടതാണ്.

സമയക്കുറിവിനാൽ, ഇന്ന് ഞാൻ ഇത് ഇവിടെ നിർത്തുകയാണ്. എല്ലാ നിലയിലും ഈ വിഷയം വളരെ വിശാലമായതും വളരെ പ്രാധാന്യമർഹിക്കുന്നതുമാകുന്നു. ഈ വിഷയത്തിൽ അനേകം കാര്യങ്ങൾ അടങ്ങികിടപ്പുണ്ട്. അതുകൊണ്ടു തന്നെ ഇത് തുടരേണ്ടതുണ്ട്. (പിന്നീട്) അടുത്ത ആഴ്ചയിലും ഇതേ വിഷയം തുടരുവാനുള്ള തൗഫീഖ് അല്ലാഹു(ത) എനിക്ക് നല്കട്ടെ! ആമീൻ. ലോകമെങ്ങുമുള്ള മുസ്ലിംകൾക്കും മാനവകുലത്തിനു മൊത്തത്തിലും ശിക്ഷണത്തിനായി ഞാൻ ഇത് അവതരിപ്പിക്കുന്നതാണ്. ഈ വിഷയത്തിലെ ഈ പ്രഭാഷണങ്ങളിലൂടെ, സമൂഹത്തിലെ അനേകം വൈവാഹിക പ്രശ്നങ്ങളും കുടുംബ പ്രശ്നങ്ങളും പരിഹരിക്കപ്പെടുമാറാകട്ടെ! എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. അതിലൂടെ സമാധാനം ലോകത്ത് സ്ഥാപിതമാകട്ടെ! ഓരോ കുടുംബത്തിലും പ്രസ്തുത സമാധാനം വിളയാടട്ടെ! ഇൻശാ അല്ലാഹ്, ആമീൻ.



*Translated & Issued By :*
*Mukarram R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*